(ബി) വിഭജിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) ഈ വിഭജനത്തെ ജീവനക്കാർ എതിർക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ;

(ഇ) ജീവനക്കാരുമായി ചർച്ച ചെയ്ത് അവരുടെ സഹകരണത്തോടെ ഈ സ്ഥാപനത്തെ നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 13-1-1986-ൽ കൂടിയ ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ ബോർഡ് മീറ്റിംഗിൽ ഇപ്പോഴത്തെ കമ്പനിയെ ഹോൾഡിംഗ് കമ്പനിയായി നിലനിർത്തിക്കൊണ്ട് ഹയർ പർച്ചേഴ്സ് ബിസിനസിന് ഒരു സബ്സിഡിയറി കമ്പനി തുടങ്ങുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം ചെയർമാൻ വയ്ക്കുകയും അതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സബ്കമ്മിറ്റിയെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുള്ളതല്ലാതെ ഫിനാൻഷ്യൽ എൻറർപ്രൈസസിനെ വിഭജിച്ച് രണ്ടായി പ്രവർത്തിപ്പിക്കുവാൻ യാതൊരു തീരുമാനവും എടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) അറിവില്ല.

(ഇ) ജീവനക്കാരുമായി ചർച്ച ചെയ്യേണ്ടതായ എല്ലാ കാര്യങ്ങളും അവരുമായി ചർച്ച ചെയ്തതിനുശേഷമാണ് തീരുമാനങ്ങൾ എടുക്കുന്നത്.

കേരളാ ഫിനാൻഷ്യൽ എൻറർപ്രൈസസിൽ ദിവസ ശമ്പളക്കാരായി ജോലി ചെയ്യുന്നവർ

114. [164] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിൽ ദിവസ ശമ്പളക്കാരായി മൊത്തം എത്രപേർ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഇതുമൂലം കമ്പനിക്കു വരുന്ന ചെലവെത്ര ;

(സി) ഇവരെ നിയമിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(ഡി) ആരാണ് നിയമിച്ചത് ;

(ഇ) എന്താണ് മാനദണ്ഡമെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ 10 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) ദിവസം 150 രൂപ.

(സി) ചുരുങ്ങിയ കാലയളവിലേക്കുള്ള ഒഴിവുകളായതുകൊണ്ട് നിയമിച്ചു.

(ഡി) മാനേജ്മെൻറിന്റെ അനുവാദത്തോടുകൂടി അതാത് ആഫീസുകളിലെ മേധാവികൾ.

(ഇ) നിർദ്ദിഷ്ട യോഗ്യതയും പ്രവർത്തന പരിചയവുമാണ് മാനദണ്ഡം.

LIBRARY ARCHIVES Kerala Legislative Assembly